DESPATCHED
ON 21/7/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1179(1)/2019/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 10325/SIC-G4/2019)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ജൂലൈ 7**

ശ്രീ. കെ. ആലിക്കോയ,
ഇരിയംപാടം ഹൗസ്,
നീതി സംരക്ഷണ സമിതി, സൗദി,
കൊച്ചി – 682 507. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡീഷണൽ ഡെപ്യൂട്ടി പോലീസ് കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ),
ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം,
കോഴിക്കോട്.
2) അപ്പീൽ അധികാരി &
ജില്ലാ പോലീസ് മേധാവി,
ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട്.
3) ശ്രീ. ശിവദാസൻ എൻ.,
സീനിയർ ക്ലാർക്ക് (റിട്ട.),
കൃഷ്ണ ഹൗസ്, മൊടപ്പിലാച്ചേരി,
ചേമഞ്ചേരി പി.ഒ., കൊയിലാണ്ടി വഴി
കോഴിക്കോട് – 673 304. } എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 24.08.2019–ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ സമയബന്ധിതമായി വിവരങ്ങൾ നൽകാൻ സാധിക്കാതിരുന്നത് ജി3–സെക്ഷന്റെ ചുമതല വഹിച്ചിരുന്ന ശ്രീ. ശിവദാസൻ എൻ., സമയബന്ധിതമായി പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് ടി അപേക്ഷ യഥാസമയം സമർപ്പിക്കാത്തതിനാലായിരുന്നു എന്ന് കമ്മീഷന് ബോധ്യമായതിനാൽ ടിയാനെ Deemed PIO ആയി കണ്ട് ടിയാന്റെ വിശദീകരണം 6.10.2020–ലെ കത്ത് പ്രകാരം കമ്മീഷൻ തേടിയിരുന്നു. ആയതിന്റെ

അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് ശ്രീ. ശിവദാസൻ എൻ., 12.11.2020–ന് ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷ 23.1.2019–ലാണ് ലഭിച്ചതെന്നും, തുടർന്ന് വിവരം നൽകുന്നതിന് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച് ഹർജിക്കാരൻ ഓഫീസിൽ വന്നിരുന്ന സമയത്ത് പറഞ്ഞ് കൊടുക്കുകയും ചെലാൻ അടക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നുവെന്നും എന്നാൽ അദ്ദേഹം ചെലാൻ സമർപ്പിക്കാൻ വൈകുകയും ആയത് സമർപ്പിച്ചപ്പോൾ ടിയാൻ രേഖകൾ നൽകുകയും ചെയ്തുവെന്നും 23.1.2019–ന് ലഭിച്ച അപേക്ഷ 22.2.2019–ന് തീർപ്പാക്കേണ്ടതായിരുന്നുവെങ്കിലും പകർപ്പ് ഫീ ചെലാൻ നിശ്ചിത സമയത്തിനകം സമർപ്പിക്കാതിരുന്നതിനാലാണ് രേഖ അയയ്ക്കുവാൻ താമസം നേരിട്ടതെന്നും ടിയാൻ 31.5.2020–ന് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്നും ടി പരിഗണന നൽകി മേൽനടപടികളിൽ നിന്നും ഒഴിവാക്കണമെന്നുമാണ്.

2. മേൽപ്പടി വിശദീകരണവും പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. ശിവദാസൻ എൻ.നെ നേരിൽ കേട്ട വേളയിൽ ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിച്ചതിൽ, ആയത് ടിയാന്റെ ഭാഗത്ത് നിന്നും സംഭവിച്ച വീഴ്ചയാണെന്ന് ടിയാന് ബോധ്യമായിരുന്നു എന്ന് കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ പിഴശിക്ഷയായി 1000/- രൂപ (ആയിരം രൂപ മാത്രം) ടിയാനിൽ നിന്നും ഈടാക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ശ്രീ. ശിവദാസൻ 1000/- രൂപ (ആയിരം രൂപ മാത്രം) "0070–60-118-99-Receipts under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ 30/07/2022–നകം രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൻ പിഴ സംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് കമ്മീഷൻ ഈടാക്കുന്നതുമാണ്.

3. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂലൈ മാസം 7–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി